# പാലാ രൂപതാ പ്രവാസി അപ്പോസ്തലേറ്റ്
# പ്രവർത്തനസംവിധാനം

പ്രവാസികളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന തന്റെ രൂപതാമക്കളോട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും ഫലമായി ആരംഭിച്ചതാണ് രൂപതാ പ്രവാസി കാര്യാലയം.

**ആരൊക്കെയാണ് ഇതിലെ അംഗങ്ങൾ?**

കേരളത്തിന് പുറത്തും വിവിധ രാജ്യങ്ങളിലും ജോലിക്കോ പഠനത്തിനോ പോയിരിക്കുന്ന പാലാ രൂപതാംഗങ്ങളായിട്ടുള്ള എല്ലാവർക്കും പ്രായവ്യത്യാസമില്ലാതെ ഇതിൽ അംഗങ്ങളാകാം.

**ഇതൊരു സംഘടനയാണോ?**

ഇത് ഒരു സംഘടനയല്ല. രൂപതാ ആസ്ഥാനത്ത് പ്രവാസികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു കാര്യാലയമാണ് ഇത്. രൂപതാകാര്യാലത്തിന്റെ ഡയറക്ടേഴ്സ് ബഹു. കുര്യാക്കോസ് വെള്ളച്ചാലിൽ അച്ചന്റെയും സിറിൾ തയ്യിൽ അച്ചന്റെയും നേതൃത്വത്തിൽ സെൻട്രൽ എക്സിക്യൂട്ടീവ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കൂടാതെ പല രാജ്യങ്ങളിലും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റികൾ നിലവിലുണ്ട്. പല രാജ്യങ്ങളിലും വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ രാജ്യങ്ങളിലും ഗ്രൂപ്പുകൾ ഡയറക്ടർ അച്ചൻമാരോടും കാര്യാലയത്തോടും ചേർന്നുവേണം പ്രവർത്തിക്കാൻ.

**വിദേശരാജ്യങ്ങളിൽ സീറോ മലബാർ സംഘടനകളും ദൈവാലയങ്ങളും ഉള്ള സ്ഥലങ്ങളിൽ അവരുമായുള്ള ബന്ധം എന്താണ്?**

നമ്മൾ താമസിക്കുന്ന സ്ഥലങ്ങളിൽ മെത്രാനോടും, ഇടവകയോടും, ഔദ്യോഗികസംഘടനകളോടും ചേർന്നുനിന്ന് അവരോട് വിധേയപ്പെട്ടുനിന്നുകൊണ്ടുതന്നെ നമ്മുടെ പാരമ്പര്യവും വിശ്വാസവും ആരാധനാക്രമപൈതൃകവും ഭൗതീകനന്മയ്ക്കുതകുന്ന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

**പ്രവാസി അപ്പോസ്തലേറ്റിന്റെ ലക്ഷ്യങ്ങൾ?**

1. പ്രവാസജീവിതത്തിനിടയിലും മാതൃരൂപതയുമായി സുദൃഢമായ ഒരു ബന്ധം നിലനിർത്തുക.
2. പ്രവാസജീവിതം നിർത്തി നാട്ടിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
3. പ്രവാസജീവിതം നയിക്കുന്നവരിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർ ഉണ്ടെങ്കിൽ അവരെ സഹായിക്കുക.
4. രൂപതാകേന്ദ്രത്തിൽനിന്നും അറിയിപ്പുകളും വാർത്തകളും എല്ലാ അംഗങ്ങളിലേക്കും എത്തിക്കുക.
5. വിവിധ ദേശങ്ങളിൽ പാർക്കുന്ന രൂപതാംഗങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അഭിവന്ദ്യപിതാക്കന്മാരെയും ബഹു. വൈദികരെയും അറിയിക്കുക.
6. പ്രവാസികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി ഉചിതമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും പരമാവധി സഹായങ്ങളും നൽകുക.
7. പ്രവാസികളുടെ ഏകരായിക്കഴിയുന്ന മാതാപിതാക്കൾക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അത് യഥാസമയം ചെയ്തുകൊടുക്കുക.
8. പ്രവാസികളുടെ, നാട്ടിൽ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസമേഖലയിൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും അവരെ ഒരുമിച്ചുകൂട്ടുകയും പ്രത്യേകമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

9. പ്രവാസത്തിൽനിന്നും മടങ്ങിയെത്തുന്നവരെ കൂട്ടമായി സംരംഭകരാക്കിമാറ്റുക. അല്ലെങ്കിൽ അവരെ സംഘടിപ്പിച്ച് സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക.
10. ഗവണ്മെന്റിൽനിന്നും പ്രവാസികൾക്കായി കാലാകാലങ്ങളിൽ ലഭിക്കുന്ന ക്ഷേമപദ്ധതികളെ പരിചയപ്പെടുത്തുകയും അവ നേടിയെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.
11. രൂപതയുടെ പുരോഗതിയിലും വളർച്ചയിലും പ്രവാസികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.
12. പ്രവാസനാട്ടിൽവച്ച് മരണം സംഭവിക്കുന്ന രൂപതാംഗങ്ങളുടെ മൃതശരീരം സംസ്കരിക്കാനോ, നാട്ടിലേക്ക് അയക്കുന്നതിനോ വേണ്ട എല്ലാ ക്രമീകരണങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുക.
13. അന്യനാട്ടിൽവച്ച് മരണമടഞ്ഞ പാവപ്പെട്ടവരായ പ്രവാസികളുടെ കുടുംബങ്ങളെ സാധ്യമായ രീതിയിൽ പുനരധിവസിപ്പിക്കുന്നതിന് മുൻകൈ എടുക്കുക.
14. പ്രവാസനാട്ടിൽവച്ച് തന്റേതല്ലാത്ത കാരണങ്ങളാൽ ജയിലിലാകുന്ന നിരപരാധികളായ രൂപതാംഗങ്ങളുടെ കാര്യങ്ങളിൽ ഇടപെടുകയും നിയമസഹായ സെല്ലിന്റെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

**കൗൺസിലിംഗ്**

കൗൺസിലിംഗ് നടത്തുന്നവർ

**പ്രാർത്ഥനാ സഹായം**

ധ്യാനകേന്ദ്ര നമ്പറുകൾ

**ഓഫീസ് സംവിധാനം**

ഫോൺ നമ്പറുകൾ

ഇമെയിൽ

വെബ്സൈറ്റ്

രൂപതാംഗങ്ങളായ പ്രവാസികളുടെയും തിരിച്ചുവരുന്ന പ്രാവസികളുടെയും വിവരശേഖരണത്തിനായി പ്രവാസി അപ്പോസ്തലേറ്റ് സ്വന്തമായി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നവിധം ഒരുക്കിയിരിക്കുന്ന വെബ്സൈറ്റ്.

# പാലാ രൂപതാപ്രവാസിഅപ്പോസ്തലേറ്റും കേരളസർക്കാരിന്റെ നോർക്കാ റൂട്ട്സും ചേർന്ന് പ്രവർത്തിക്കുന്ന മേഖലകൾ

**നോർക്കാ റൂട്ട്സ്**

കേരളാഗവണ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന നോർക്കാ റൂട്ട്സുമായി ചേർന്ന് പ്രവാസി അപ്പോസ്തലേറ്റ് പ്രവർത്തിച്ചുവരുന്നു. നോർക്കാ, ഐഡികാർഡ്, പ്രവാസി ക്ഷേമനിധിബോർഡ്, റിക്രൂട്ട്മെന്റ് വിഭാഗം എന്നിവരുമായി ചേർന്ന് പ്രവാസി അപ്പോസ്തലേറ്റ് മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നു.

**നോർക്ക് ഐഡികാർഡ്**

ഐഡികാർഡിന്റെ പ്രയോജനത്തേപ്പറ്റി സാമൂഹികബോധവത്ക്കരണം സമൂഹമാധ്യമങ്ങളുടെ സഹായത്തോടെ നടത്തുക.

**റിക്രൂട്ടമെന്റ് വിഭാഗം**

വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്ക് വേഗം സമീപിക്കാവുന്ന ഒരു പ്രസ്ഥാനമായി പ്രവാസിഅപ്പോസ്തലേറ്റ് പ്രവർത്തിച്ചുവരുന്നു. കേരളാഗവണ്മെന്റ് നോർക്കാറൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗത്തോട് ചേർന്നുനിന്നാണ് ഈ പ്രവർത്തനം നടത്തുന്നത്.

**കേരളാ പ്രവാസി വെൽഫെയർ ബോർഡ്**

കേരളാഗവണ്മെന്റ് പ്രവാസികളായിട്ടുള്ളവർക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പെൻഷൻപദ്ധതിയാണിത്. പ്രവാസിഅപ്പോസ്തലേറ്റ് ഈ പെൻഷൻ പദ്ധതിയെപ്പറ്റി സാമൂഹികാവബോധം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ക്ഷേമനിധികാർഡ് ഈ സ്ഥാപനത്തിലൂടെ അപേക്ഷകർക്ക് നൽകുവാൻ സാധിക്കും. മാസവരിസംഖ്യ അടക്കുവാനുള്ള സൗകര്യവും നൽകാനാവും.

**ക്ഷേമനിധി**

പ്രവാസിക്ഷേമനിധി ബോർഡിന്റെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും പ്രവാസക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുംവേണ്ടി സഹായം നൽകുന്നു. മാസവരിസംഖ്യഅടയ്ക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് സൗകര്യം, ക്ഷേമനിധിബോർഡിന്റെ സേവനങ്ങളേയും ഗുണങ്ങളെയും കുറിച്ച് പൊതുജനങ്ങലെ ബോധവത്ക്കരിക്കുന്നതിന് സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നു.

## നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ

പ്രവാസികൾക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന വിവിധ തരത്തിലുള്ള ക്ഷേമപദ്ധതികൾ

**1. പ്രവാസക്ഷേമപദ്ധതി**

a.ഇന്ത്യക്ക് പുറത്ത് 2 വർഷമെങ്കിലും ജോലി ചെയ്തവരും കേരളത്തിനു പുറത്തു കുറഞ്ഞത് ആറുമാസമെങ്കിലും സ്ഥിരമായി താമസിച്ചവരുമായ 18 നും 60 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അംഗത്വം ലഭിക്കുന്നത്.

b. പ്രവാസികളായുള്ളവർ 300/- രൂപാ വീതവും തിരികെ എത്തിയവർ 100/- രൂപാ വീതവും മാസവരി അടയ്ക്കേണ്ടതാണ്.

c. കുറഞ്ഞത് 5 വർഷമെങ്കിലും അംശാദായം അടച്ചവരാണ് പെൻഷന് അർഹത നേടുന്നത്.

**2. കുടുംബപെൻഷൻ**

പെൻഷന് അർഹത നേടിയ ഒരംഗം മരണമടയുന്നപക്ഷം ടി വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് കുടുംബപെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**3. അവശതാപെൻഷൻ**

മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ച വ്യക്തിക്ക് സ്ഥായിയായ ശാരീരിക അവശതമൂലം തൊഴിൽ ചെയ്യുവാൻ കഴിയാത്ത അവസ്ഥയിൽ ടി വ്യക്തിക്ക് അവശ താപെൻഷൻ ലഭിക്കുന്നതാണ്.

**4. മരണാനന്തരസഹായം**

പെൻഷൻകാലാവധി എത്തുന്നതിനുമുമ്പ് അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് മരണാ നന്തരസഹായം ലഭിക്കുന്നതാണ്.

**5. ചികിത്സാസഹായം**

ഗുരുതരരോഗം ബാധിച്ച അംഗത്തിന് ചികിത്സക്കായി നിർദ്ദിഷ്ഠ നിബന്ധനപ്രകാരം ധന സഹായം ലഭിക്കുന്നതായിരിക്കും.

**6. വിവാഹധനസഹായം**

മൂന്നുവർഷമെങ്കിലും തുടർച്ചയായി പണമടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമ ക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹത്തിന് സഹായം ലഭിക്കുന്നു.

**7. വിദ്യാഭ്യാസാനുകൂല്യം**

3 വർഷമെങ്കിലും തുടർച്ചയായി പണമടച്ച അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസ ത്തിനുവേണ്ടി കേരളത്തിനുള്ളിൽ പഠിക്കുന്നതിന് സഹായം ലഭിക്കുന്നു.

**8. പ്രസവാനുകൂല്യം**

2 വർഷം തുടർച്ചയായി തവണയടച്ചിട്ടുള്ള വനിതാ അംഗത്തിന് പ്രസവാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഈ സേവനങ്ങൾ എല്ലാ പ്രവാസികളും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അറിയി ക്കുന്നു.

NB: ഈ സേവനങ്ങൾ ലഭ്യമാക്കുവാൻ പ്രവാസിഅപ്പോസ്തലേറ്റിന്റെ നോർക്ക സപ്പോർട്ട് ഡെസ്ക്കുമായി ബന്ധപ്പെടുക.

# Pravasi Apostolate Eparchy of Palai

**പ്രവാസി പ്രേഷിതത്വം**

പ്രവാസികളായിക്കഴിയുന്ന നമ്മുടെ രൂപതാംഗങ്ങളുടെ ക്ഷേമത്തിനും മാതൃസഭയോടും മാതൃരൂപതയോടുമുള്ള അവരുടെ ബന്ധം അഭംഗുരം സംരക്ഷിക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനുമായി പ്രവാസിപ്രേഷിതത്വം എന്നൊരു അജപാലനശുശ്രൂഷാവേദി ആരംഭിച്ചിട്ടുള്ളതാണല്ലോ. അതിന്റെ ഔദ്യോഗിക ഉദ്ഘാടനം ..... നടത്തുകയുണ്ടായി. രൂപതാകേന്ദ്രത്തിൽ അതിന്റെ ഓഫീസ് പ്രവർത്തനങ്ങൾ നടക്കുന്നു.

മാതൃസഭയുടേതായ അജപാലനസംവിധാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ചിതറിക്കഴിയുന്ന സഭാമക്കൾക്ക് തങ്ങളുടെ മാതൃസഭയുടെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകുക എന്നത് മാതൃസഭയുടെ ചുമതലയാണ്.

ഈ പശ്ചാത്തലത്തിലാണ് പ്രവാസിപ്രേഷിതത്വത്തിന്റെ പ്രാധാന്യവും പ്രസക്തിയും നാം മനസ്സിലാക്കേണ്ടത്. പ്രവാസിപ്രേഷിതത്വത്തിന്റെ പ്രധാന മേഖലകൾ താഴെപ്പറയുന്നവയാണ്. ഇപ്പോൾ പ്രവാസികളായി വിവിധ ദേശങ്ങളിൽ വസിക്കുന്നവരുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കി ആവശ്യമായ സഹായസഹകരണങ്ങൾ സാധിക്കുന്നിടത്തോളം ചെയ്തു കൊടുക്കുക. പ്രവാസികളുടെ മാതാപിതാക്കളോ മറ്റ് ആശ്രിതരോ നാട്ടിൽ ഒറ്റപ്പെട്ടോ വാർദ്ധക്യം, രോഗം മുതലായ കാരണങ്ങളാൽ പരസഹായമാവശ്യമുള്ളവരായോ കഴിയുന്നുണ്ടെങ്കിൽ അവരുടെ സുസ്ഥിതിയും ക്ഷേമവും ലക്ഷ്യംവച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ജോലിക്കും മറ്റുമായി വിദേശങ്ങളിലേക്ക് ആദ്യമായി പോകേണ്ടിവരുന്നവർ വഞ്ചിക്കപ്പെടാതിരിക്കുന്നതിനും അവരുടെ പുതിയ ജീവിതസാഹചര്യങ്ങളെക്കുറിച്ച് മുന്നറിവു നൽകി അവരെ ഒരുക്കുന്നതിനും അവശ്യം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നടപടികൾ സ്വീകരിക്കുക. പ്രവാസജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തുന്നവരുടെ അവസ്ഥയും ആവശ്യങ്ങളും മനസ്സിലാക്കി ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും അവരുടെ കഴിവുകളും സാദ്ധ്യതകളും സഭയിലും സമൂഹത്തിലും ഫലപ്രദമായി വിനിയോഗിക്കാൻ അവസരമൊരുക്കുകയും ചെയ്യുക. ഇവർക്കുവേണ്ടിയുള്ള സർക്കാർ പദ്ധതികളെക്കുറിച്ച് അറിവ് നൽകി അവ പ്രയോജനപ്പെടുത്താനും പ്രവാസി വകുപ്പ് ശ്രദ്ധിക്കുന്നതാണ്.

സഭയുടെ വിശ്വാസധാർമ്മിക അടിത്തറയും നമ്മുടെ നാടിന്റെ നല്ല സാംസ്കാരിക മൂല്യങ്ങളും വരുന്ന തലമുറകൾക്ക് അന്യമായിത്തീരരുത്. അവയുടെ കൈമാറ്റം കുടുംബങ്ങളിലൂടെ ഫലപ്രദമായി നടക്കണം. അതിനുതകുന്ന ബോധവത്ക്കരണവും പ്രവാസിവകുപ്പ് ലക്ഷ്യം വയ്ക്കുന്നു.

രൂപതയിൽനിന്നുള്ള മുഴുവൻ പ്രവാസികളുടെയും പേരുവിവരങ്ങൾ ശേഖരിച്ചുവരികയാണ്. പ്രവാസിവകുപ്പിന്റെ വെബ്സൈറ്റിൽ കുടുംബവിവരങ്ങൾ ചേർക്കുവാനുള്ള ലോഗിനും തയ്യാറാക്കുന്നുണ്ട്. പ്രവാസിവകുപ്പിന്റെ പ്രവർത്തനങ്ങൾ രൂപതമുഴുവനും വ്യാപിപ്പിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അതിനായി നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളും ഇപ്പോൾ പ്രവാസികളായിരിക്കുന്നവരുടെ മാതാപിതാക്കളുമാണ് സഹായിക്കുന്നത്.

പ്രവാസി ജീവിതവുമായി ബന്ധപ്പെട്ട് സ്വദേശത്തും വിദേശങ്ങളിലുമായിക്കഴിയുന്ന രൂപതാംഗങ്ങൾ ഗണ്യമായ ഒരു സംഖ്യ ഉണ്ട്. സഭാജീവിതവുമായി ആഴത്തിൽ ബന്ധപ്പെട്ട് ജീവിക്കുന്ന ഒരു കൂട്ടായ്മയായി രൂപതയോട് സജീവബന്ധം പുലർത്തുന്നവരും നല്ല വിശ്വാസസാക്ഷ്യം നൽകുന്നവരുമായി അവരെ രൂപപ്പെടുത്തുക എന്നതാണ് പ്രവാസിപ്രേഷിതത്വത്തിന്റെ ആത്യന്തികലക്ഷ്യം. അങ്ങനെ അവർ സഭയുടെ വളർച്ചയ്ക്കും ദൈവത്തിന്റെ മഹത്വത്തിനും ഉപകരണങ്ങളാവണം. അല്മായർ എന്ന നിലയിലുള്ള അവരുടെ ദൈവവിളി സഭയിലും സമൂഹത്തിലും അന്വർത്ഥമാക്കാൻ അവർ ശക്തരാവുകയും ചെയ്യും.

**പ്രവാസി അപ്പോസ്തലേറ്റ് കർമ്മപരിപാടികൾ**

1. പ്രവാസികളുടെ ക്ഷേമം
2. പ്രവാസികളുടെ മാതാപിതാക്കളുടെ ക്ഷേമം
3. പ്രവാസികളുടെ മക്കളുടെ ക്ഷേമം
4. പ്രവാസത്തിൽനിന്നും മടങ്ങിയെത്തുന്നവരുടെ ക്ഷേമം
5. പുതിയതായി പ്രവാസത്തിലേക്ക് പോകാനാഗ്രഹിക്കുന്നവരുടെ ക്ഷേമം